"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

M/s വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് ഫയൽ ചെയ്ത WP(C) 6509/2026 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

സ.ഉ.(സാധാ) നം.1526/2026/LSGD തീയതി, തിരുവനന്തപുരം, 14-08-2026

---

പരാമർശം:-

1. WP(C) No. 6509/2026 നമ്പർ കേസിലെ 26.03.2026-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം.
2. ചീഫ് ടൗൺ പ്ലാനറുടെ(വിജിലൻസ്) 07-05-2026 ലെ CTPVIG/435/26 നമ്പർ റിപ്പോർട്ട്
3. കോഴിക്കോട് ജില്ല ടൗൺ പ്ലാനറുടെ 08-05-2026 ലെ LSGD/JD/KKD/1668/2026-E3 നമ്പർ കത്ത്
4. ചീഫ് ടൗൺ പ്ലാനറുടെ 11-05-2026-ലെ LSGD/PD/33480/2024-TCPA1 നമ്പർ കത്ത്.
5. അത്തോളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 12.05.2026-ലെ റിപ്പോർട്ട്
6. ചീഫ് ടൗൺ പ്ലാനറുടെ 20-06-2026 ലെ LSGD/PD/33480/2024-TCPA1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

M/s വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് ഫയൽ ചെയ്തിരുന്ന WP(C) 6509/2026 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (1)-ലെ വിധിന്യായപ്രകാരം, വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനകം, ഹർജിക്കാരനെ നേരിൽ കേൾക്കുന്നതിനും 24.02.2025 തീയതിയായി ഹർജിക്കാരൻ സർക്കാരിൽ

നൽകിയിരുന്ന നിവേദനം (എക്സിബിറ്റ് പി 5) പരിഗണിക്കുന്നതിനും ഇപ്രകാരം പരിഗരണിക്കുമ്പോൾ ചീഫ് ടൗൺ പ്ലാനർ സർക്കാരിൽ സമർപ്പിച്ച 21.12.2024-ലെ LSGD/PD/33480/24-TCPA1(എക്സിബിറ്റ് പി 4), 04.04.2025-ലെ LSGD/PD/33480/24-TCPA1 (എക്സിബിറ്റ് പി 11) എന്നീ കത്തുകളിലെ പരാമർശങ്ങളാലോ നിരീക്ഷണങ്ങളാലോ സ്വാധീനിക്കപ്പെടരുതെന്നും നിർദ്ദേശിച്ചിരുന്നു.

2) കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്ത് പരിധിയിലെ അത്തോളി വില്ലേജിൽ റീസർവേ നമ്പർ 18/12, 18/29, 18/41, 21/88, 21/90, 21/91, 14/54 എന്നിവയിൽ ഉൾപ്പെട്ടതും വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡിന്റെയും അതിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. വി. അനിൽകുമാറിന്റെയും ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്തേക്ക് വാഹനഗതാഗതത്തിന് അനുയോജ്യമായ പ്രവേശന മാർഗം (motorable access) ലഭ്യമാക്കുന്നതിനായി ശ്രീ ആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള റോഡിലൂടെ easement right of way നിയമാനുസൃതമായി ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രസ്തുത റോഡ് ശ്രീ ആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന് അനുവദിച്ചിട്ടുള്ള അംഗീകൃത ലേ-ഔട്ടിന്റെ ഭാഗമാണെന്നും മേൽപ്പറഞ്ഞ സർവേ നമ്പരുകളിൽ ഉൾപ്പെട്ട സ്ഥലത്ത് 15,916 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനിടെ, ശ്രീആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എൻവയേൺമെന്റൽ ക്ലിയറൻസ് ലഭിക്കാതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നതെന്നും പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനമുണ്ടായിട്ടില്ലാത്തതിനാൽ ലേ-ഔട്ട് അനുമതി അനുവദിക്കാൻ കഴിയില്ലെന്ന് കോഴിക്കോട് ജില്ലാ ടൗൺ പ്ലാനർ അറിയിച്ചതായും എക്സിബിറ്റ് പി8 നിവേദനത്തിൽ അറിയിച്ചിരുന്നു. കോഴിക്കോട് ജില്ല ടൗൺ പ്ലാനർ പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുകയും, വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡിന്റെ പദ്ധതിക്ക് ആവശ്യമായ ലേ-ഔട്ട് അനുമതി അനുവദിക്കുന്നതിന് ജില്ലാ ടൗൺ പ്ലാനർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യണമെന്നതാണ് എക്സിബിറ്റ് പി8 നിവേദനത്തിലെ ആവശ്യം.

3) ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (1) വിധിന്യായപ്രകാരം 12.05.2026-ന് ഹർജിക്കാരന്റെ പ്രതിനിധിയെ, ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് 2019-ൽ കമ്പനീസ് ആക്ട് പ്രകാരം രൂപീകരിച്ച സ്വതന്ത്ര നിയമവ്യക്തിത്വമുള്ള കമ്പനിയാണെന്നും കമ്പനിയുടെ സ്വത്തും അവകാശങ്ങളും കമ്പനിക്കു മാത്രമുള്ളതാണെന്നും ഡയറക്ടർമാരോ ഓഹരിയുടമകളോ കമ്പനിയുടെ സ്വത്തിന്റെ ഉടമകളല്ലെന്നും ശ്രീആഞ്ജനേയ മെഡിക്കൽ ട്രസ്റ്റ് 2005-ൽ രൂപീകരിച്ച ഒരു പബ്ലിക് ട്രസ്റ്റാണെന്നും ട്രസ്റ്റും കമ്പനിയും രണ്ട് വ്യത്യസ്ത നിയമസങ്കൽപ്പങ്ങളാണെന്നും ട്രസ്റ്റിന് സ്വതന്ത്ര നിയമവ്യക്തിത്വമില്ലെന്നും ട്രസ്റ്റിന്റെ സ്വത്ത് ട്രസ്റ്റിമാരിൽ നിക്ഷിപ്തമാണെന്നും ഒരേ വ്യക്തികൾ ട്രസ്റ്റിലും കമ്പനിയിലും സ്ഥാനങ്ങൾ വഹിക്കുന്നു എന്ന കാരണത്താൽ മാത്രം അവ രണ്ടും ഒരേ സ്ഥാപനമാകുകയോ, ഒന്നിന്റെ ബാധ്യത മറ്റൊന്നിലേക്ക് വ്യാപിക്കുകയോ ചെയ്യില്ലെന്നും ഹർജിക്കാരൻ ഹിയറിംഗിൽ വാദിക്കുകയുണ്ടായി. ശ്രീആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് എൻവയേൺമെന്റൽ ക്ലിയറൻസ് സംബന്ധിച്ച് നിയമലംഘനം

ഉണ്ടായിട്ടുണ്ടെങ്കിൽ പോലും, അത് ട്രസ്റ്റിനെ മാത്രമേ ബാധിക്കുകയുള്ളുവെന്നും അതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ സ്വതന്ത്ര അപേക്ഷ നിരസിക്കാൻ നിയമപരമായ അധികാരമില്ലെന്നും ആശുപത്രി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേക്ക് 26.05.2023-ലെ രജിസ്റ്റർ ചെയ്ത Easement Deed പ്രകാരം 10 മീറ്റർ വീതിയുള്ള സ്ഥിരമായ മോട്ടോറബിൾ ആക്സസ് കമ്പനി നിയമപരമായി നേടിയിട്ടുണ്ടെന്നും പ്രവേശനമാർഗത്തിന്റെ ഉടമസ്ഥാവകാശം അപേക്ഷകനായ കമ്പനിക്കായിരിക്കണമെന്ന് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ എവിടെയും നിർബന്ധമില്ലെന്നും ഹർജിക്കാരൻ വാദിക്കുകയുണ്ടായി.

4) ഹർജിക്കാരന്റെ വാദം പ്രസ്തുത ഹിയറിംഗിന്റെ ആവശ്യത്തിലേക്കായി ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്), കോഴിക്കോട് ജില്ല ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ, അത്തോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ യഥാക്രമം പരാമർശം (2), (3), (4), (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും ഈ വിഷയത്തിൽ നിയമവകുപ്പ് ലഭ്യമാക്കിയിട്ടുള്ള അഭിപ്രായത്തിന്റെയും, ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ചീഫ് ടൗൺ പ്ലാനറിൽ നിന്ന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

5) എക്സിബിറ്റ് പി5 നിവേദനത്തിൽ പരാമർശിച്ചിരിക്കുന്ന സർവ്വേ നം.14/54 എന്നത് മലബാർ മെഡിക്കൽ കോളേജ് ക്യാമ്പസിനോട് ചേർന്നുള്ള സ്ഥലത്ത് ഹോസ്റ്റൽ നിർമ്മാണത്തിനായി ശ്രീ. അനിൽകുമാർ, ശ്രീ. അർജുൻ അനിൽ എന്നിവർ നൽകിയ അപേക്ഷയോടൊപ്പമുള്ള പ്ലാനിൽ ഉൾപ്പെടുന്നതാണ്. ടി സർവ്വേ നമ്പർ നിർദ്ദിഷ്ട സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ പ്ലാനിൽ ഉൾപ്പെടുന്നില്ല.

6) അത്തോളി ഗ്രാമപഞ്ചായത്തിലും ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലും ഉൾപ്പെട്ട ശ്രീആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള മലബാർ മെഡിക്കൽ കോളേജ് ക്യാമ്പസിന് (Land area - 129417.78 sq.m, Total plinth area - 139004.35 sq.m) നിബന്ധനകളോടെ 27.02.2016-ലെ D1-4446/2015/D.Dis നമ്പർ ഉത്തരവ് പ്രകാരം സിടിപി ലേ ഔട്ട് അപ്രൂവൽ നൽകിയിരുന്നു. SEIAA യുടെ NOC ലഭ്യമാക്കണമെന്നതുൾപ്പെടെ 12 നിബന്ധനകളോടെയാണ് ലേ ഔട്ട് അപ്രൂവൽ നൽകിയിരുന്നത്. പ്രസ്തുത പ്ലാനിൽ കോഴിക്കോട് - കുറ്റ്യാടി റോഡിൽ നിന്ന് 10 മീറ്റർ വീതിയുള്ള ഇന്റേണൽ റോഡ് ആയി വിഭാവനം ചെയ്ത റോഡിന്റെ തെക്കു ഭാഗത്തായിട്ടാണ് വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡിന്റെ നിർദ്ദിഷ്ട ഹോസ്പിറ്റൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം.

7) ശ്രീആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റെ അപേക്ഷ പരിഗണിച്ച സ്റ്റേറ്റ് ലെവൽ എക്സപേർട്ട് അപ്രൈസൽ കമ്മിറ്റി (SEAC)-യുടെ 2015 സെപ്റ്റംബർ 11, 12 തീയതികളിലെ 45-ാമത് യോഗത്തിൽ SEAC ഇക്കാര്യത്തിലുള്ള ഫീൽഡ് ഇൻസ്പെക്ഷൻ റിപ്പോർട്ട് പരിഗണിക്കുകയും, ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം ഇതിനകം തന്നെ പൂർത്തിയായതിനാൽ ഇത് ചട്ടലംഘനത്തിന്റെ പരിധിയിൽ വരുന്നതാണെന്ന് നിരീക്ഷിക്കുകയും അതിനാൽ, ചട്ടലംഘനത്തിനെതിരെ നടപടി സ്വീകരിക്കുന്നതിനും, പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം നിബന്ധനകളോടെ പാരിസ്ഥിതികാനുമതി നൽകുന്നതിനും സ്റ്റേറ്റ് ലെവൽ എൻവയേൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി

(SEIAA)-യോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. തുടർന്ന് എൻവയോൺമെന്റൽ ക്ലിയറൻസിനുള്ള ശ്രീആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റെ അപേക്ഷ പരിശോധിച്ച കേന്ദ്ര പരിസ്ഥിതി, വനം കാലാവസ്ഥവ്യതിയാന മന്ത്രാലയം, പ്രോജക്ട് പ്രൊപ്പോണന്റിനെതിരെ 1986-ലെ പരിസ്ഥിതി സംരക്ഷണനിയമത്തിന്റെ സെക്ഷൻ 19 പ്രകാരം നടപടിയെടുക്കുന്നതിനും എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിക്കുന്നതു വരെ പ്രോജക്റ്റിന് കൺസന്റ് ടു ഓപ്പറേറ്റ്, ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ നൽകരുതെന്നും 26.07.2018-ലെ കത്ത് പ്രകാരം സംസ്ഥാന സർക്കാർ/സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രോജക്റ്റിന് നിലവിൽ എൻവയോൺമെന്റ് ക്ലിയറൻസ് ലഭ്യമായിട്ടില്ല. അത്തോളി ഗ്രാമപഞ്ചായത്തിൽ ലഭ്യമായ രേഖകൾ പ്രകാരം മൊത്തം കെട്ടിടങ്ങളുടെ വിസ്തീർണം 1,18,161.87 ച.മീ ആണെന്നും അതിൽ 8799.71 ച.മീ ഏരിയ വരുന്ന കെട്ടിടങ്ങൾ മാത്രമേ അംഗീകൃതമായിട്ടുള്ളുവെന്നും അംഗീകൃതമല്ലാത്ത കെട്ടിടങ്ങളുടെ വിസ്തീർണം 1,09,362.16 ച.മീ ആണെന്നും അതിന് UA നമ്പർ നൽകി 3 ഇരട്ടി നികുതി ഈടാക്കുന്നതായും ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8) അത്തോളി വില്ലേജിലെ സർവ്വേ നം.18/12, 18/29, 18/41, 21/88, 21/90, 21/91 എന്നിവയിൽ ഉൾപ്പെട്ട 5200 ച.മീ സ്ഥലത്ത് 18090.37 ച.മീ ബിൽറ്റ് അപ്പ് ഏരിയയുള്ള ഹോസ്പിറ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ലേ ഔട്ട് അനുമതിയ്ക്കായി ശ്രീ. അനിൽ കുമാർ, ടിയാൻ മാനേജിംഗ് ഡയറക്ടർ ആയ വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് എന്നിവർ 10.03.2024-ൽ സമർപ്പിച്ച അപേക്ഷ ചട്ടലംഘനങ്ങൾ ചൂണ്ടിക്കാട്ടി 28.06.2024-ൽ കോഴിക്കോട് ജില്ല ടൗൺ പ്ലാനർ നിരസിച്ചിരുന്നു. ശ്രീആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന്റെ കോമ്പൗണ്ടിനോട് ചേർന്നു നിൽക്കുന്ന സ്ഥലത്ത് ട്രസ്റ്റിന്റെ ഉടമസ്ഥരിൽ ഒരാളായ അപേക്ഷകൻ, ടി മെഡിക്കൽ കോളേജിന്റെ കാന്റീൻ സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് പുതുതായി കെട്ടിടമുണ്ടാക്കുന്നതിന് അപേക്ഷ നൽകിയിരിക്കുന്നത് എന്നതും നിർദ്ദിഷ്ട സ്ഥലത്തേക്ക് പ്രവേശിക്കുന്ന വഴി ട്രസ്റ്റിന്റെ സ്ഥലത്തു കൂടിയാണെന്നതും ഉപയോഗം ഹോസ്പിറ്റലാണെന്നതും പരിഗണിച്ച് പരാമർശിത നിർമ്മാണം ശ്രീആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റെ എക്സ്റ്റൻഷൻ ആണെങ്കിൽ ട്രസ്റ്റും അപേക്ഷകരും ചേർന്ന് രണ്ടു കക്ഷികളുടെയും കൈവശമുള്ള മുഴുവൻ സ്ഥലവും കെട്ടിടങ്ങളും ഉൾപ്പെടുത്തി ജോയിന്റ് ആപ്ലിക്കേഷൻ നൽകേണ്ടതാണെന്നും, ലേ ഔട്ട് അപ്രൂവലിനുള്ള അപേക്ഷ നിരസിച്ചു കൊണ്ടുള്ള 28.06.2024-ലെ കത്തിൽ കോഴിക്കോട് ജില്ല ടൗൺ പ്ലാനർ അപേക്ഷകനായ ശ്രീ. അനിൽകുമാർ വി-യെ അറിയിച്ചിരുന്നു.

9) പ്രസ്തുത നിർദ്ദേശമനുസരിച്ച് 19.08.2024-ന് ശ്രീആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റെ കീഴിലുള്ള സ്ഥലവും കെട്ടിടങ്ങളും വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡിന്റെ കീഴിലുള്ള സ്ഥലവും വിഭാവിത നിർമ്മാണങ്ങളും കൂടാതെ വി അനിൽകുമാർ, അർജുൻ അനിൽ, വള്ളിൽ ഹൗസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലവും വിഭാവിത നിർമ്മാണങ്ങളും ഉൾപ്പെടെ 3198.66 സെന്റ് സ്ഥലത്തെ ഏകദേശം 1,64,852 ച.മീ വിസ്തൃതി വരുന്ന മെഡിക്കൽ കോളേജ്, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഹോസ്റ്റൽ തുടങ്ങി അനുബന്ധ കെട്ടിടങ്ങൾ ഉൾപ്പെടുന്ന പ്ലാൻ സഹിതം ജോയിന്റ് ആപ്ലിക്കേഷൻ സമർപ്പിച്ചിട്ടുള്ളതാണെന്നും പ്രസ്തുത സൈറ്റ് പ്ലാനിൽ രണ്ട് പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന

സ്ഥലം SITE 1, SITE 2, SITE 3 എന്നിവയായി കാണിച്ച് SITE 2, SITE 3 എന്നിവയിൽ പുതിയ കെട്ടിടങ്ങൾ (സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഹോസ്റ്റൽ) നിർമ്മിക്കുന്നതിനാണ് അപേക്ഷ നൽകിയിരുന്നതെന്നും SITE 1, SITE 2, SITE 3 എന്നിവ ഒരേ ഹോസ്പിറ്റൽ കോമ്പൗണ്ടിൽ ഉൾപ്പെടുന്ന സ്ഥലങ്ങളായാണ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും കോഴിക്കോട് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാരിസ്ഥിതികാനുമതി ലഭ്യമായിട്ടില്ല എന്നതുൾപ്പെടെയുള്ള ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത അപേക്ഷ 02.09.2024-ൽ കോഴിക്കോട് ടൗൺ പ്ലാനർ നിരസിച്ചിട്ടുള്ളതാണ്. തുടർന്ന് 13.09.2024-ന് ന്യൂനതകൾ പരിഹരിച്ചതായി കാണിച്ച് ടൗൺ പ്ലാനർക്ക് നൽകിയ അപേക്ഷയിൽ വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ നിർദ്ദിഷ്ട ഹോസ്പിറ്റൽ കെട്ടിടം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 6(4)(a)(i) പ്രകാരം site plan-ൽ നിർദ്ദിഷ്ട നിർമ്മാണ പ്ലോട്ടിന്റെ അതിർത്തികളും അതിനോട് ചേർന്ന അതേ ഉടമസ്ഥതയിലുള്ള പ്ലോട്ടുകളുടെ വിവരങ്ങളും കാണിക്കേണ്ടതാണ്. വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡിന് കീഴിൽ വിഭാവനം ചെയ്തിട്ടുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്നത് ശ്രീആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റെ കീഴിലുള്ള മലബാർ മെഡിക്കൽ കോളേജിന്റെ വിപുലീകരണം ആണെങ്കിൽ ആയവ രണ്ടും ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കണം എന്ന നിർദ്ദേശം നിലനിൽക്കേ അപേക്ഷകർ സംയുക്തമായി ഒപ്പു വച്ച് 19.08.2024 തീയതിയിൽ ജില്ല ടൗൺ പ്ലാനർക്ക് ലേ ഔട്ട് അപ്രൂവലിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത് പ്രസ്തുത നിർമ്മാണങ്ങൾ പ്രവർത്തനപരമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ സാധ്യത സൂചിപ്പിക്കുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർദ്ദിഷ്ട പ്ലോട്ട് ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള മെഡിക്കൽ കോളേജ് ക്യാമ്പസിനോട് ചേർന്നു നിൽക്കുന്നു. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനയിൽ പരാതിക്കാരൻ ഹാജരാക്കിയ രേഖകൾ പ്രകാരം വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡിനു കീഴിൽ വിഭാവനം ചെയ്തിട്ടുള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടത്തിനായുള്ള പ്ലോട്ട് 4 ആധാരങ്ങൾ പ്രകാരമുള്ളതാണ്. അതിൽ 1379/2019 നമ്പർ ആധാരപ്രകാരമുള്ള 18/29 സർവ്വേ നമ്പരിലെ 2569.9 ച.മീ വിസ്തീർണം വരുന്ന സ്ഥലം ചെയർമാൻ, മലബാർ മെഡിക്കൽ കോളേജ്, വി അനിൽകുമാർ, പിഒ എരഞ്ഞിപ്പലം പിൻ 673006 എന്നയാളുടെ ഉടമസ്ഥതയിലും മറ്റ് ആധാരങ്ങൾ വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡിന് വേണ്ടി ചെയർമാൻ വി അനിൽകുമാർ എന്നയാളുടെ ഉടമസ്ഥതയിലുമാണെന്നതും ടി രണ്ട് പ്രോജക്ടുകളുടെയും പ്രവർത്തനപരമായ ബന്ധത്തിന്റെ സാധ്യത കാണിക്കുന്നു.

11) നിർദ്ദിഷ്ട സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പ്രോജക്ടും അതിനോട് ചേർന്ന് നിലവിലുള്ള മെഡിക്കൽ കോളേജ് ക്യാമ്പസും തമ്മിലുള്ള പ്രവർത്തനപരമായ ബന്ധം, പൊതുവായ പ്രവേശന മാർഗം, മുമ്പ് സമർപ്പിച്ച സംയുക്ത ലേ-ഔട്ട് അപേക്ഷ എന്നിവ പരിഗണിക്കുമ്പോൾ, നിർദ്ദിഷ്ട പ്രോജക്ടിനെ നിലവിലുള്ള മെഡിക്കൽ കോളേജ് ക്യാമ്പസിൽ നിന്ന് പൂർണ്ണമായും വേർതിരിച്ച ഒരു പ്രോജക്ട് ആയി മാത്രം കണക്കാക്കുന്നത് ചട്ടങ്ങളുടെ ഉദ്ദേശ്യത്തിന് വിരുദ്ധമാകുമെന്ന് കാണുന്നു.

12) ലേ ഔട്ട് അംഗീകാരം ലഭ്യമായതിന് ശേഷം പ്രസ്തുത ലേ ഔട്ടിലെ ഇന്റേണൽ റോഡ് ഉപയോഗിക്കാൻ ഉള്ള അവകാശം easement by grant ആയി രജിസ്റ്റർ ചെയ്തു നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത റോഡ് ഇന്റേണൽ റോഡ് എന്ന നിലയിൽ നിന്ന് രണ്ട് പ്ലോട്ടുകളിലേക്ക് വഴി നൽകുന്ന public purpose ഉള്ള private street എന്ന നിലയിലേക്ക് മാറ്റപ്പെടുന്നു. ഒരു പ്രോജക്റ്റിന്റെ അപ്രൂവ്ഡ് ലേ ഔട്ടിന്റെ ഭാഗമായ ഇന്റേണൽ റോഡ് മറ്റൊരു പ്രോജക്റ്റിന്റെ ആക്സസായി മാറ്റുന്നത് അപ്രൂവ്ഡ് ലേ ഔട്ടിന്റെ ലംഘനത്തിന് കാരണമാകുന്നു. മാത്രമല്ല മലബാർ മെഡിക്കൽ കോളേജ് ക്യാമ്പസിലെ റോഡരികിലുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ കെപിബിആർ 2019 ചട്ടം 23 (റോഡിൽ നിന്ന് ആവശ്യമായ അകലം), ചട്ടം 26 (ഓപ്പൺ സ്പേസ്), ഹൈറൈസ് ബിൽഡിംഗുകൾ ഉണ്ടെങ്കിൽ അവയ്ക്ക് ചട്ടം 83(6) പ്രകാരം ആവശ്യമായ ഓപ്പൺ സ്പേസ് മുതലായവ ലഭ്യമാക്കേണ്ടതുമാണ്.

13) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച വസ്തുതകളും രേഖകളും സമഗ്രമായി പരിശോധിക്കുമ്പോൾ, വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡിന്റെ നിർദ്ദിഷ്ട മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പ്രോജക്റ്റ് നിലവിലുള്ള മലബാർ മെഡിക്കൽ കോളേജ് പ്രോജക്റ്റിൽ നിന്ന് പൂർണ്ണമായും വേർതിരിച്ച ഒന്നാണെന്ന് വിലയിരുത്താൻ സാധിക്കുന്നില്ല. പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാകാത്ത മെഡിക്കൽ കോളേജ് പ്രോജക്റ്റിന്റെ അംഗീകൃത ലേ-ഔട്ടിന്റെ അവിഭാജ്യ ഘടകമായ ഇന്റേണൽ റോഡിനെ നിർദ്ദിഷ്ട സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പ്രോജക്റ്റിലേക്കുള്ള നിയമാനുസൃത പ്രവേശന മാർഗമായി അംഗീകരിക്കുകയും, പ്രസ്തുത പദ്ധതിയെ നിലവിലുള്ള വികസനത്തിൽ നിന്ന് വേർതിരിച്ച സ്വതന്ത്ര പദ്ധതിയായി പരിഗണിച്ച് അനുമതി നൽകുകയും ചെയ്യുന്നത്, നിലവിലുള്ള ചട്ടങ്ങളുടെയും കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച 26.07.2018-ലെ നിർദ്ദേശങ്ങളുടെയും ഉദ്ദേശ്യത്തിന് അനുസൃതമല്ല.

14) മേൽ സാഹചര്യത്തിൽ ശ്രീആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റെ മലബാർ മെഡിക്കൽ കോളേജ് ക്യാമ്പസിന്റെ ചട്ടലംഘനത്തിനെതിരെയുള്ള നടപടി തീർപ്പാക്കി, നിർമ്മാണം ക്രമവൽക്കരിക്കുന്ന മുറയ്ക്കും, ടി പ്രോജക്റ്റിന്റെ ഇന്റേണൽ റോഡ് ടി രണ്ട് പ്രോജക്റ്റുകൾക്കും ഉപയോഗിക്കാവുന്ന ആക്സസ് റോഡ് ആയി പുനർനിർണ്ണയിച്ച് റിവൈസ്ഡ് ലേ ഔട്ട് ലഭ്യമാക്കുന്ന മുറയ്ക്കും, പ്രസ്തുത റോഡ് ആക്സസ് റോഡ് ആയി അംഗീകരിച്ച് വള്ളിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡിന്റെ നിർദ്ദിഷ്ട മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന് ലേ ഔട്ട് അപ്രൂവൽ നൽകുന്ന വിഷയം പരിശോധിക്കുന്നതിന് ചീഫ് ടൗൺ പ്ലാനർക്ക് നിർദ്ദേശം നൽകി കൊണ്ടും, എക്സിബിറ്റ് പി5 ഇപ്രകാരം നിരസിച്ചു കൊണ്ടും പരാമർശം (1)-ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ. വി അനിൽ കുമാർ, മാനേജിങ് ഡയറക്ടർ, M/s Vallil Healthcare Pvt Ltd., എ2, ജവഹർ

നഗർ കോളനി, സെയിൽസ് ടാക്സ് ഓഫീസ് റോഡ്, എരഞ്ഞിപ്പാലം, കോഴിക്കോട്, പിൻ 673006

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്), തദ്ദേശസ്വയംഭരണ വകുപ്പ് വിജിലൻസ് വിംഗ്

ജില്ലാ ടൗൺ പ്ലാനർ, കോഴിക്കോട്

സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പിൻ്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി(RB3/59/2026)

ഉത്തരവിൻ പ്രകാരം

Digitally signed by
Reese. V. A
Date: 14-08-2026
14:19:44

സെക്ഷൻ ഓഫീസർ